**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വികാസ്ഭവൻ, തിരുവനന്തപുരം.**

നം.ഡി. കെ.എസ്.എ.2026 / എസ്.എസ്.3 / 2019 തിയ്യതി :- 25.06.2019

സർക്കുലർ നമ്പർ : 03 /2019

വിഷയം : - കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും പാലിക്കുന്നതിനായി - ഓഡിറ്റ് റിപ്പോർട്ടും തുടർ നടപടികളും പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.

കേരളനിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ആസൂത്രണത്തിലും നിയന്ത്രണത്തിലുമുള്ള ന്യൂനതകൾ കണ്ടെത്തുവാനോ പരിഹരിക്കുവാനോ ഓഡിറ്റിനു കഴിയുന്നില്ല എന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിലയിരുത്തിയിരിക്കുന്നു. ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ പാലിച്ചും മാർഗ്ഗരേഖകൾ അവലംബിച്ചും ഓഡിറ്റിംഗ് കാര്യക്ഷമവും മെച്ചപ്പെട്ടതുമാക്കണമെന്ന് സമിതി ശിപാർശചെയ്തിരിക്കുന്നു. കണക്കുകൾ തയ്യാറാക്കുന്നതിലും പണമിടപാടുകൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതിലും സുപ്രധാനരേഖകൾ സൂക്ഷിക്കുന്നതിലും തെറ്റായ നടപടിക്രമങ്ങൾ പാലിക്കുകയോ വിശ്വാസയോഗ്യമല്ലാത്ത കണക്കുകൾ സമർപ്പിക്കുകയോ, യഥാസമയം പരിശോധനാ വിധേയമാക്കാതിരിക്കുകയോ ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശചെയ്തിട്ടുണ്ട്. സമിതിയുടെ ശുപാർശകൾ പ്രകാരം ഓഡിറ്റിംഗ് കാര്യക്ഷമവും മെച്ചപ്പെട്ടതുമാക്കുവാൻ, ജാഗ്രതാപൂർണ്ണമായ ഓഡിറ്റ് നടപടികൾ ഉറപ്പാക്കുവാൻ കഴിയണം. അതോടൊപ്പം തന്നെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലും (ചട്ടം.23) കേരള പഞ്ചായത്ത് രാജ് /മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 14-ഉം 15-ഉം 21-ഉം ചട്ടങ്ങളിലും നിർദ്ദേശിക്കപ്പെട്ടവിധം സ്ഥാപനം ഭരണതല പരിഹാരനടപടികൾ കൈക്കൊള്ളുന്നു എന്നതും ഉറപ്പാക്കേണ്ടതാണ്.

അതായത് വരവ് ഭാഗത്തെ നഷ്ടങ്ങളും ചെലവു ഭാഗത്തെ നഷ്ടങ്ങളും നഷ്ടോത്തരവാദിത്തങ്ങൾ സഹിതം ഓഡിറ്റ് റിപ്പോർട്ടിൽ രണ്ട് പ്രത്യേക ഭാഗങ്ങളായി ഉൾപ്പെടുത്തപ്പെടണം എന്ന 19-ആം ചട്ടത്തിന്റെ നിഷ്കർഷ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തണം. അതോടൊപ്പം കേരള പഞ്ചായത്തിരാജ് ആക്റ്റിലെ (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) റൂൾ 13 പ്രകാരവും, കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) റൂൾ 13 പ്രകാരവും നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ഇരുപതോളം വിഷയമേഖലകളിൽ സ്ഥാപനത്തിന്റെ തുടർപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉണ്ടാകണം. ഭിന്നതലഅധികാരസ്ഥാനങ്ങൾ കൈകൊള്ളേണ്ട പരിഹാരനടപടികൾ എന്തെല്ലാം

എന്നതിൽ കാര്യകാരണങ്ങൾ സഹിതം സ്വയം വിശദീകരണക്ഷമമാം വിധത്തിലുള്ള നിർദ്ദേശങ്ങൾ അടങ്ങുന്നതായിരിക്കണം ഓഡിറ്റ് റിപ്പോർട്ട്. ഇടപാട് ബന്ധിതവും വ്യക്തിനിഷ്ഠബാധ്യത കണക്കാക്കപ്പെടുന്ന വിധത്തിലുമുള്ള പരിശോധനകൾക്കു പുറമേ സ്വതന്ത്രമായതും സ്ഥാപനകേന്ദ്രീകൃതവുമായ പരിശോധനകളും വിലയിരുത്തലുകളും നടത്താൻ ഓഡിറ്റ് ടീമുകൾക്ക് കഴിയേണ്ടതാണ്. ഇതിനായി ഓഡിറ്റ് കാര്യാലയമേധാവികൾ മേൽപരിശോധനകൾ നടത്തുകയും നിർദ്ദേശങ്ങൾ നല്കുകയും വേണം.

അതോടൊപ്പം ഇത്തരം സ്ഥപനകേന്ദ്രീകൃത നിരിക്ഷണങ്ങളിലും നിർദ്ദേശങ്ങളിലും തുടർ നടപടി ഉറപ്പാക്കുന്നതിലേയ്ക്കായി നിലവിൽ പൊതുഅവലോകനം എന്നപേരിൽ ചേർത്തുവരുന്ന റിപ്പോർട്ടിലെ ഒന്നാം ഭാഗം, ഓഡിറ്റ് റിപ്പോർട്ട് എന്നു പുനർനാമകരണം ചെയ്യുന്നത് ആവശ്യമാണ് എന്നുകാണുന്നു. ഇനിമേൽ ഭരണതല നടപടികൾക്കുള്ള ഉത്തരവാദിത്തങ്ങളിൽ ഊന്നൽ നൽകിയും സ്ഥാപനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുവാനും ഉതകുന്ന പരിഹാര നിർദ്ദേശങ്ങൾ ശുപാർശ ചെയ്തു കൊണ്ടുമുള്ള നിരീക്ഷണങ്ങൾ അടങ്ങുന്നതായിരിക്കണം നിർദ്ദിഷ്ട ഓഡിറ്റ് റിപ്പോർട്ടിലെ ഒന്നാം ഭാഗം നിലവിൽ പൊതു അവലോകനം എന്ന തലക്കെട്ടിനു താഴെയുള്ള നിർബന്ധ-ഉപശീർഷകങ്ങൾ ഇനിമുതൽ പ്രസക്തമായവ മാത്രം ചേർത്ത്, അല്ലാത്തവ ഒഴിവാക്കാവുന്നതാണ്.

ചാർജ് സർചാർജ് നടപടികളുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും നിഷ്കർഷകളും പാലിക്കുന്ന നിരീക്ഷണങ്ങൾ മാത്രം രണ്ടും മൂന്നും ഭാഗങ്ങളിൽ യഥാവിധി ചേർക്കേണ്ടതുമാണ്. പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ഓഡിറ്റ് ചട്ടങ്ങൾ 21-ാം ചട്ടം 2 ഉം 3 ഉം ഉപചട്ടങ്ങളിലെ നിർദ്ദേശാനുസരണം ഓഡിറ്റ് നിയമ /ചട്ടങ്ങൾ പ്രകാരമുള്ള തുർനടപടികൾ സ്വീകരിച്ച് തീർപ്പാക്കേണ്ടതുമാണ്. ഇവയടക്കം സ്ഥാപനങ്ങൾ നിയമവും ചട്ടങ്ങളും പാലിച്ചുകൊണ്ട് തീരുമാനങ്ങളും നടപടികളും കൈക്കൊള്ളേണ്ട എല്ലാനിരീക്ഷണങ്ങളും ഓഡിറ്റ് റിപ്പോർട്ട് എന്ന ഒന്നാം ഭാഗത്ത് ഉൾപ്പെടുത്തേണ്ടതാണ്. ആവശ്യമുള്ളപക്ഷം ഒന്നാം ഭാഗം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്നിരീക്ഷണങ്ങൾ ഭാഗികമായോ പൂർണ്ണമായോ കൂട്ടിച്ചേർക്കലുകളോടുകൂടിയോ യഥാവിധി രണ്ടും മൂന്നും ഭാഗങ്ങളിൽ ആവർത്തിക്കാവുന്നതുമാണ്.

വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് ഏകീകൃത ഘടന ഉറപ്പാക്കുന്നതിലേയ്ക്ക്, മേൽ നിർദ്ദേശിച്ച ഓഡിറ്റ് റിപ്പോർട്ട് മാതൃക ഇതരസ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾക്കും ഉപയോഗിക്കേണ്ടതിന് നിർദ്ദേശിക്കുന്നു. അതോടൊപ്പം അതത് സ്ഥാപനങ്ങൾക്കു ബാധകമായ ഭരണതല നടപടികൾ ഉറപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ പരിശോധനകളും നിരീക്ഷണങ്ങളും ഉണ്ടാകുന്നുവെന്ന് കാര്യാലയ - മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

നിയമസഭാ സമിതിയുടെ ശുപാർശ ജാഗ്രതയോടെ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ഓഫീസ് മേധാവികൾ ശ്രദ്ധിക്കണം. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ ഡയറക്ടറേറ്റിലെ പഞ്ചായത്ത് - നഗരസഭ - CAR സെക്ഷനുകൾ

സമയബന്ധിതമായി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാനും ശ്രദ്ധിക്കണം. ഇതു പ്രകാരം AIMS-ൽ വരുത്തേണ്ട ക്രമീകരണങ്ങൾ പ്രാബല്യത്തിലാക്കേണ്ടതിന് ഐ.ടി സെക്ഷനേയും ഓഡിറ്റ് റിപ്പോർട്ട് നിലവാരനിയന്ത്രണ നടപടികളുടെ ഏകോപനത്തിനായി ജോയിന്റ് ഡയറക്ടർ (എസ്.എസ്)-നേയും ചുമതലപ്പെടുത്തുന്നു.

ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

0471 - 2303640 e-mail :- director.ksad@kerala.gov.in